**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - സ്വകാര്യ എയ്ഡഡ് കോളേജുകൾ – തൃശ്ശൂർ കേരള വർമ്മ കോളേജിലെ അദ്ധ്യാപകൻ ശ്രീ. സി.ബി. മോഹൻദാസിന്റെ അനധികൃത ഹാജരില്ലായ്മ നോൺ ഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവാകുന്നു

---

**ഉന്നത വിദ്യാഭ്യാസ ( ഡി) വകുപ്പ്**

സ.ഉ (സാധാ.) നം.2065/2018/ഉ.വി.വ തീയതി, തിരുവനന്തപുരം 15.11.2018

---

പരാമർശം - 1. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 17/04/2010, 13.3.2013, 17.9.2015 തീയതികളിലെ ലെ ഡി3/47229/2009/കോ.വി.വ. നമ്പർ കത്ത്

2. ശ്രീ. കേരള വർമ്മ കോളേജ് മാനേജരുടെ 9.4.2015 ലെ എച്ച് 250/11 നമ്പർ നടപടിക്രമം

3. ശ്രീ കേരള വർമ്മ കോളേജിലെ പ്രിൻസിപ്പാളിന്റെ 20.6.2015 ലെ ജി1/1035/13 നമ്പർ കത്ത്

**ഉത്തരവ്**

തൃശ്ശൂർ ശ്രീ കേരള വർമ്മ കോളേജിലെ ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപകൻ ശ്രീ. സി.ബി. മോഹൻദാസ് വിദേശത്ത് ജോലി നോക്കുന്നതിനായി 13.11.2008 മുതൽ ശൂന്യവേതനാവധിയ്ക്ക് അപേക്ഷിക്കുകയും എന്നാൽ അവധി ലഭിക്കുന്നതിന് മുമ്പ് രാജ്യം വിടുകയും ചെയ്തു. ദീർഘകാലം അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിന്നശേഷം 31.5.2011 ൽ മാത്രമാണ് ടിയാൻ കോളേജിൽ പുന:പ്രവേശിച്ചത്.

ശ്രീ. സി.ബി. മോഹൻദാസ് ദീർഘകാലം അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിനാൽ, ടിയാനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാൻ സർക്കാർ ആവശ്യപ്പെടുകയും ശ്രീ. കേരള വർമ്മ കോളേജ് മാനേജർ പരാമർശം (2) ഉത്തരവ് പ്രകാരം ടിയാനെ ശാസിക്കുകയും, ടിയാൻ 31.03.2015 ന് വിരമിക്കുന്നതിനാൽ മേൽ നടപടികൾ അവസാനിപ്പിക്കുകയും ചെയ്തു.

അതിനാൽ, ശ്രീ. സി.ബി.മോഹൻദാസ് ജോലിയ്ക്ക് ഹാജരാകാതിരുന്ന 13.11.2008 മുതൽ 31.05.2011 വരെയുള്ള കാലയളവ് ക്രമീകരിക്കുന്ന വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. തൃശ്ശൂർ ശ്രീ കേരള വർമ്മ കോളേജിലെ ഇംഗ്ലീഷ് വിഭാഗം മുൻ അദ്ധ്യാപകൻ ശ്രീ. സി.ബി. മോഹൻദാസ് ജോലിക്ക് ഹാജരാകാതിരുന്ന 13.11.2008 മുതൽ 31.5.2011 വരെയുള്ള കാലയളവ് മുൻകാല സേവനം നഷ്ടപ്പെടാത്തവിധം "നോൺ ഡ്യൂട്ടി"യായി ക്രമീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എൽ. കുശലകുമാരി

അണ്ടർ സെക്രട്ടറി

1) കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം (സേവന പുസ്തകം സഹിതം)
2) അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്) തിരുവനന്തപുരം
3) കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
4) മാനേജർ, ശ്രീ കേരള വർമ്മ കോളേജ്, തൃശ്ശൂർ
5) ശ്രീ. സി.ബി.മോഹൻദാസ്, മുൻ അദ്ധ്യാപകൻ, ശ്രീ കേരള വർമ്മ കോളേജ്, തൃശ്ശൂർ (പ്രിൻസിപ്പാൾ മുഖേന)
6) കരുതൽ കോപ്പി / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ